LIBRARY ARCHIVES Kerala Legislative Assembly

കരുനാഗപ്പള്ളിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കെട്ടിട നിർമ്മാണം

55 [1143] ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ. :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക കരുനാഗപ്പള്ളിയിലുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക കരുനാഗപ്പള്ളിയിലുള്ള സ്ഥലത്ത് കരുനാഗപ്പള്ളി ഡിപ്പോ ആഫീസും ഗോഡൗണും ഉൾപ്പെട്ട ഒരു കെട്ടിട സമുച്ചയം പണിയുവാൻ ഉദ്ദേശമുണ്ട്.

(ബി) കൊല്ലം ജില്ലാ കോടതിയുടെ സ്റ്റേ നീക്കിക്കിട്ടിയാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷിതത്വം ഏർപ്പെടുത്താൻ നടപടി

56 [1144] ശ്രീ. മഞ്ഞളാംകുഴി അലി :
,, വി. ചെന്താമരാക്ഷൻ :
,, കെ. കെ. ജയചന്ദ്രൻ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാരികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നതിന് എന്തെല്ലാം കാരണങ്ങളാണ് ഇടയാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) നാല് വിനോദ സഞ്ചാരികൾ കുമരകത്ത് മുങ്ങിമരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് ടൂറിസം വകുപ്പ് അന്വേഷിക്കുകയുണ്ടായോ ;

(സി) വിനോദസഞ്ചാരികൾക്ക് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷിതത്വം ഏർപ്പെടുത്തുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണം പ്രതിവർഷം വർദ്ധിച്ചുവരികയാണ്.

(ബി) അടിയന്തിര അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.